"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

നിയമ (ഭരണ II) വകുപ്പ് - കേരള നിയമ പരിഷ്കരണ കമ്മീഷനിൽ കരാർ അടിസ്ഥാനത്തിൽ ലീഗൽ അസിസ്റ്റന്റിനെ നിയമിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സ.ഉ.(കൈ) നം.27/2022/LAW തീയതി,തിരുവനന്തപുരം, 26-05-2022

---

**നിയമ (ഭരണ II) വകുപ്പ്**

പരാമർശം:-
1. 5.12.2017 -ലെ സ.ഉ. (എം.എസ്.) 150/2017/നിയമം നമ്പർ സർക്കാർ ഉത്തരവ്.
2. ബഹു. കേരള നിയമ പരിഷ്കരണ കമ്മീഷൻ ചെയർമാൻ ശ്രീ. ജസ്റ്റിസ് കെ. റ്റി. തോമസ് -ന്റെ 27.09.2021 തീയതിയിലെ കത്ത്.

**ഉത്തരവ്**

കേരള നിയമ പരിഷ്കരണ കമ്മീഷനിൽ , കമ്മീഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ഒരു ലീഗൽ അസിസ്റ്റന്റിന്റെ സേവനം താൽക്കാലികമായി നിയമ വകുപ്പിൽ നിന്നും നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ് . ഒരു സീനിയർ ഗ്രേഡ് ലീഗൽ അസിസ്റ്റന്റിന്റെ സേവനം വർക്കിംഗ് അറെയ്ഞ്ച്മെന്റിൽ കമ്മീഷന്റെ തിരുവനന്തപുരം ഓഫീസിൽ ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം കമ്മീഷൻ ചെയർമാൻ അഭ്യർത്ഥിച്ചിട്ടുള്ളതാണ് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള നിയമ പരിഷ്കരണ കമ്മീഷന്റെ തിരുവനന്തപുരം ഓഫീസിൽ നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി കരാർ അടിസ്ഥാനത്തിൽ ഒരു ലീഗൽ അസിസ്റ്റന്റിനെ നിയമിച്ച ഉത്തരവാകുന്നു. പ്രസ്തുത തസ്തികയുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി ഹരി നായർ
നിയമ സെക്രട്ടറി

1. ചെയർമാൻ, കേരള നിയമ പരിഷ്കരണ കമ്മീഷൻ, തിരുവനന്തപുരം.
2. സെക്രട്ടറി, കേരള നിയമ പരിഷ്കരണ കമ്മീഷൻ, തിരുവനന്തപുരം.
3. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
4. ബഹു. നിയമ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. Officer on Special Duty to Chief Secretary

6. അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ് ആന്റ് എൻറൈറ്റിൽമെന്റ്) കേരള, തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
8. സെക്രട്ടറി, ധനകാര്യ (വ്യയം) വകുപ്പ്
9. നിയമ സെക്രട്ടറിയുടെ പി.എ.
10. നിയമ അഡീഷണൽ സെക്രട്ടറിയുടെ സി.എ.
11. നിയമ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി (ഭരണം)
12. നിയമ (സ്പെഷ്യൽ സെൽ) വകുപ്പ്
13. നിയമ (നോഡൽ) വകുപ്പ്
14. നിയമ (അക്കൗണ്ട്സ്) വകുപ്പ്
15. വെബ് ആൻഡ് ന്യൂ മീഡിയ
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Noushad.s
Date: 27-05-2022 10:32:49
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-05-2022

ഫയൽ നം. 19115/ഭരണ II (2)/2021/നിയമം. ഇനം നം: 750

വിഷയം : നിയമ വകുപ്പ് - കേരള നിയമ പരിഷ്കരണ കമ്മീഷനിൽ ഒരു ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്നതിനും ടി തസ്തികയിൽ നിയമ വകുപ്പിൽ നിന്നും ഒരു ലീഗൽ അസിസ്റ്റന്റിനെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനുമുള്ള നിർദ്ദേശം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (B) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

## കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | | |
|---|---|---|---|---|
| 1. | ഫയൽ നമ്പർ | | : | 19115/ഭരണ II (2)/2021/നിയമം |
| 2. | വകുപ്പ് | | : | നിയമ വകുപ്പ് |
| 3. | വിഷയം | | : | കേരള നിയമ പരിഷ്കരണ കമ്മീഷനിൽ ഒരു ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്നതിനും ടി തസ്തികയിൽ നിയമ വകുപ്പിൽ നിന്നും ഒരു ലീഗൽ അസിസ്റ്റന്റിനെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനുമുള്ള നിർദ്ദേശം സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | | : | 09.02.2022 |
| 5. | i | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | അതെ |
| | ii | സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>അതെ |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | | : | ശ്രീ. എൻ ജീവൻ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | | : | ശ്രീ. വി. ഹരി നായർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | | : | 16.05.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | : | ശ്രീ. ഡോ .വി പി ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | : | 16.05.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | | : | ശ്രീ. പി രാജീവ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | : | 17.05.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | | : | 17.05.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തവിന്റെ അല്ലെങ്കിൽ കത്തിന്റെ തീയതി | | | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) ബഹു. കേരള നിയമ പരിഷ്കരണ കമ്മീഷൻ ചെയർമാൻ ബഹു. നിയമ മന്ത്രിക്ക് കൈമാറിയ 27.09.2021-ലെ കത്ത് പ്രകാരം ടി കമ്മീഷന്റെ തിരുവനന്തപുരം ഓഫീസിൽ ഒരു സീനിയർ ലീഗൽ അസിസ്റ്റന്റിന്റെ സേവനം നിയമ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) കേരള നിയമ പരിഷ്കരണ കമ്മീഷൻ വളരെ ഭാരിച്ച ഉത്തരവാദിത്തങ്ങൾ ഉള്ള ഒരു കമ്മീഷനാണ്. നിലവിലുള്ള നിയമങ്ങളിൽ കാലഘട്ടത്തിനനുസരിച്ച് ഭേദഗതികൾ വരുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക, കാലഹരണപ്പെട്ട നിയമങ്ങൾ പിൻവലിക്കുന്നതിനും കാലോചിതമായി പുതിയ നിയമങ്ങൾ കൊണ്ടുവരുവാനും നിർദ്ദേശിക്കുക, വ്യവസ്ഥാനുസൃതമായ ശക്തിപ്പെടുത്തലുകളും നിയമ പരിഷ്കാരവും വരുത്തുകയെന്ന ഉദ്ദേശത്തോടെയാണ് സർക്കാർ കേരള നിയമ പരിഷ്കരണ കമ്മീഷനെ നിയോഗിച്ചിട്ടുള്ളത്. അതിനാൽ കേരള നിയമ പരിഷ്കാര കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പൊതു നന്മ കണക്കാക്കിയും ഒരു ലീഗൽ അസിസ്റ്റന്റിന്റെ സേവനം ടി കമ്മീഷനിൽ അത്യാവശ്യമായിട്ടുള്ളതാണ്.

3) കമ്മീഷന്റെ പ്രവർത്തനം 05.04.2017-ൽ തുടക്കം കുറിച്ചിട്ടുള്ളതും കമ്മീഷന്റെ നിലവിലെ ജോലിഭാരം പരിഗണിച്ചും ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും കുറഞ്ഞത് ഒരു ലീഗൽ അസിസ്റ്റന്റിന്റെ സേവനം ആവശ്യമാണെന്ന് കമ്മീഷൻ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ആയതിലേക്ക് വേണ്ടി അടിയന്തിരമായി ഒരു സീനിയർ ഗ്രേഡ് ലീഗൽ അസിസ്റ്റന്റിനെ (അസിസ്റ്റന്റ് ലീഗൽ ഓഫീസർ) വർക്കിംഗ് അറെയ്ഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കണമെന്ന് ബഹു. കമ്മീഷൻ ചെയർമാൻ ആവശ്യപ്പെട്ടിട്ടുള്ളതും എന്നാൽ നിയമ വകുപ്പിൽ ഇപ്പോഴുള്ള ജോലി ഭാരം കണക്കിലെടുത്തും ജീവനക്കാരുടെ അഭാവം നേരിടുന്നതിനാലും വർക്കിംഗ് അറെയ്ഞ്ച്മെന്റ് വ്യവസ്ഥയിൽ ഒരു ലീഗൽ അസിസ്റ്റന്റിനെ വിട്ടുനൽകുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ കേരള നിയമ പരിഷ്കരണ കമ്മീഷനിൽ ഒരു ലീഗൽ അസിസ്റ്റന്റിന്റെ തസ്തിക സൃഷ്ടിച്ചുകൊണ്ട് അന്യത്രസേവന വ്യവസ്ഥയിൽ വിട്ടുനൽകുവാൻ കഴിയുന്ന സാഹചര്യം മാത്രമാണ് ഇപ്പോൾ വകുപ്പിൽ നിലവിലുള്ളത്. 15.12.2017-ലെ സ.ഉ. (കൈ) നം 150/2017/നിയമം നമ്പർ ഉത്തരവ് പ്രകാരം ലീഗൽ അസിസ്റ്റന്റിന്റെ സേവനം കമ്മീഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് നിയമ വകുപ്പിൽ നിന്നും നൽകാവുന്നതാണെന്ന ഉത്തരവ് നിലവിലുള്ളതാണ്.

4) ബഹു. മുഖ്യമന്ത്രി ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുള്ളതും ആയതിൻപ്രകാരം ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുള്ളതുമാണ്. നിയമ പരിഷ്കരണ കമ്മീഷന് വേണ്ടി കരാർ അടിസ്ഥാനത്തിൽ ഒരു ലീഗൽ അസിസ്റ്റന്റിനെ ഒരു വർഷത്തേക്ക് നിയമിക്കാൻ മാത്രമാണ് ധനവകുപ്പ് അനുമതി നൽകിയിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ 08.03.2022 തീയതിയിലെ U.O(F) No. E.511652: EXP-A1/258/2017-FIN നമ്പരായ അഭിപ്രായം ചുവടെ ചേർക്കുന്നു:-

> " 2596/Spl Cell/2018/Law നമ്പർ ഭരണവകുപ്പ് ഫയലിൽ നിയമ പരിഷ്കരണ കമ്മീഷന് വേണ്ടി കരാർ അടിസ്ഥാനത്തിൽ ഒരു ലീഗൽ അസിസ്റ്റന്റിനെ ഒരു വർഷത്തേക്ക് നിയമിക്കാൻ ധന വകുപ്പ് അനുമതി നൽകിയിരുന്നു എങ്കിലും അപ്രകാരം നിയമനം നടത്തിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ 2596/Spl Cell/2018/Law നമ്പർ ഭരണ വകുപ്പ് ഫയലിൽ 22.11.2018 തീയതിയിൽ ധന വകുപ്പ് നൽകിയ അഭിപ്രായ കുറിപ്പ് പ്രകാരം നിയമ പരിഷ്കരണ കമ്മീഷന് വേണ്ടി കരാർ അടിസ്ഥാനത്തിൽ ഒരു ലീഗൽ അസിസ്റ്റന്റിനെ ഒരു വർഷത്തേക്ക് നിയമിക്കാൻ ധന വകുപ്പ് അനുമതി നൽകിയിരുന്നു എന്നും പ്രസ്തുത തസ്തികയിൽ ഇതുവരെ നിയമനം നടത്തിയിട്ടില്ല എങ്കിൽ ധന വകുപ്പിന്റെ പ്രസ്തുത അഭിപ്രായ പ്രകാരമുള്ള നിയമനം നടത്താവുന്നതാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

5) കേരള നിയമ പരിഷ്കരണ കമ്മീഷന്റെ പ്രാധാന്യം കണക്കിലെടുത്തും, സമൂഹത്തിന് ഗുണകരമാകുമെന്നതിനാലും നിയമ വകുപ്പിൽ നിന്നും ഒരു ലീഗൽ അസിസ്റ്റന്റിന്റെ സേവനം അന്യത്രസേവന വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് കേരള നിയമ പരിഷ്കരണ കമ്മീഷനിൽ ഒരു ലീഗൽ അസിസ്റ്റന്റിന്റെ തസ്തിക സൃഷ്ടിക്കുന്നതാണ് വകുപ്പിന് പൊതുവിൽ ഗുണകരമായിട്ടുള്ളതായി കാണുന്നു.

6) മേൽസാഹചര്യത്തിൽ നിയമ പരിഷ്കരണ കമ്മീഷനിൽ ഒരു ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്നതിനുള്ള അംഗീകാരത്തിനായി 09.02.2022-ൽ ബഹു. മുഖ്യമന്ത്രിക്ക് ഫയൽ ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവിട്ടിട്ടുണ്ട്.

7) കേരള നിയമ പരിഷ്കരണ കമ്മീഷനിൽ ഒരു ലീഗൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിനും നിയമ വകുപ്പിൽനിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കാവുന്നതാണോ എന്നതിലും ബഹു.

മുഖ്യമന്ത്രി മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായതിൻ പ്രകാരം ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

**തീരുമാനമെടുക്കേണ്ട വിഷയം**

**(A)** കേരള നിയമ പരിഷ്കരണ കമ്മീഷനിലെ ജോലിഭാരം കണക്കിലെടുത്തും സുഗമമായ ദൈനംദിന പ്രവർത്തനത്തിന്, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ഒരു ലീഗൽ അസിസ്റ്റന്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനും ടി തസ്തികയിൽ നിയമ വകുപ്പിൽ നിന്നും ഒരു ലീഗൽ അസിസ്റ്റന്റിനെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്യാവുന്നതാണോ ?

അതോ

**(B)** ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത് പ്രകാരം ഒരു ലീഗൽ അസിസ്റ്റന്റിനെ കരാർ വ്യവസ്ഥയിൽ കമ്മീഷനിൽ നിയമിക്കാമോ ?

# GOVERNMENT OF KERALA
## (SRI. PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | | | |
|---|---|---|---|---|
| 1. | File | | : | 19115/Admn II(2)/2021/Law |
| 2. | Department | | : | Law Department |
| 3. | Subject | | : | The Proposal for creation of one post of Legal Assistant Gr. II in Kerala Law Reforms Commission and posting a Legal Assistant on deputation basis from Law Department. |
| 4. | Date of Chief Minister's order for placing before the Council | | : | 09.02.2022 |
| 5. | (i) | Does the case involve financial commitments/ Implications | : | Yes |
| | (ii) | If the answer to the above is affirmative, whether consulted Finance Department?<br>If so whether their remarks incorporated in the Council Note | : | Yes<br><br>Yes |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | | : | No |
| 7. | Name of Additional Law Secretary who submitted the Draft Note | | : | Sri. N. Jeevan |
| 8. | Name of Secretary who approved the Draft Note | | : | Sri.V.Hari Nair |
| 9. | Date of approval of the Draft Note for the Council by the Secretary | | : | 16.05.2022 |
| 10. | Name of Chief Secretary who approved the Draft Note | | : | Sri. Dr.V.P Joy |
| 11. | Date of approval of the Draft Note for the Council By the Chief Secretary | | : | 16.05.2022 |
| 12. | Name of Minister who approved the Draft Note | | : | Sri.P Rajeev |
| 13. | Date of approval of the Draft Note for the Council by the Minister | | : | 17.05.2022 |
| 14. | Date of submission of fair copies | | : | 17.05.2022 |
| 15. | Date of decision by the Council of Minister | | : | |
| 16. | Number and date of the G.O/letter communicating the decision | | : | |

## Note Submitted to the Cabinet Meeting

1). The subject matter in the note related to lending of service of a Legal Assistant from Law Department to the office of the Law Reforms Commission as per the letter dated 27.09.2021 addressed to the Hon'ble Law Minister by the Hon'ble Chairman.

2). Kerala Law Reforms Commission is having great responsibilities, such as to propose change in the existing laws in accordance with the present scenario, to propose the repealing of obselete laws and to bring in new laws, and to strengthen the system by reforming the existing laws. Hence for the smooth functioning of the Commission the service of a legal assistant is absolutely essential in the Commission.

3). The Commission started functioning on 05.04.2017 and considering the work load and to carry out the day to day functions of the office, the Commission has requested that the service of atleast one Legal Assistant is required in the Commission. The Hon'ble Chairman has asked to post urgently a Senior Grade Legal Assistant on working arrangement basis. But taking into account of the heavy workload of Law Department and also the shortage of employees, this department is not in a position to lend out the service on working arrangement basis. The only possible option is to create a post of Legal Assistant in the Commission and to post a Legal Assistant on deputation basis in the Commission. As per the Order G.O(Ms) No.150/2017/Law dated 15.12.2017 it can be seen that the service of a Legal Assitant may be given to the Commission.

4). The Hon'ble Chief Minister has ordered to obtain the remarks of the Finance Department and to place it before the cabinet. Accordingly the remarks of Finance Department was sought and Fin(Expenditure A) Department has given

remarks to post a Legal Assistant on contract basis only.The Finance Department on 08.03.2022 Vide U.O(F) No. E.511652: EXP-A1/258/2017-FIN has given the following remarks:-

> "2596/Spl Cell/2018/Law നമ്പർ ഭരണവകുപ്പ് ഫയലിൽ നിയമ പരിഷ്കരണ കമ്മീഷന് വേണ്ടി കരാർ അടിസ്ഥാനത്തിൽ ഒരു ലീഗൽ അസിസ്റ്റന്റിനെ ഒരു വർഷത്തേക്ക് നിയമിക്കാൻ ധന വകുപ്പ് അനുമതി നൽകിയിരുന്നു എങ്കിലും അപ്രകാരം നിയമനം നടത്തിയിട്ടുള്ളതായി കാണുന്നില്ല .ആയതിനാൽ 2596/Spl Cell/2018/Law നമ്പർ ഭരണ വകുപ്പ് ഫയലിൽ 22.11.2018 തീയതിയിൽ ധന വകുപ്പ് നൽകിയ അഭിപ്രായ കുറുപ്പ് പ്രകാരം നിയമ പരിഷ്കരണ കമ്മീഷന് വേണ്ടി കരാർ അടിസ്ഥാനത്തിൽ ഒരു ലീഗൽ അസിസ്റ്റന്റിനെ ഒരു വർഷത്തേക്ക് നിയമിക്കാൻ ധന വകുപ്പ് അനുമതി നൽകിയിരുന്നു എന്നും പ്രസ്തുത തസ്തികയിൽ ഇതുവരെ നിയമനം നടത്തിയിട്ടില്ല എങ്കിൽ ധന വകുപ്പിന്റെ പ്രസ്തുത അഭിപ്രായ പ്രകാരമുള്ള നിയമനം നടത്താവുന്നതാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

5). Taking into account of the importance of the Commission and also on public interest it would be more appropriate to create a post of Legal Assistant in the Commission and to depute a Legal Assistant from Law Department.

6). In the above circumstances when the file was circulated before the Hon'ble Chief Minister for creating a post of Legal Assistant Grade II in Law Reforms Commission, it was ordered by the Hon'ble Chief Minister on 09.02.2022 for placing the file before the cabinet along with the remarks of the Finance Department.

7). Hence this file is circulated before the Honourable Chief Minister for placing the matter before the Cabinet for creating one post of legal assistant in Kerala Law Reforms Commission and for appointing a Legal Assitant from Law Department on deputation basis as orderd by the Hon'ble Chief Minister . .

## POINTS FOR DECISION

While considering the heavy work load and other day-to-day administrative and official matters of the Commission;

(A) Whether one post of Legal Assistant Gr. II may be created in Kerala Law Reforms Commission , and one Legal assistant may be deputed to the said post from the Law Department, by overruling the remarks of the finance department ?

Or

(B) As per the remarks from the finance department, whether one Legal Assistant may be appointed in the Commission on contract basis.